നം.എച്ച്.3/72472/2017/ഡി.പി.ഐ.

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി: **28.10.2017**

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - 2017-ലെ മലയാള ദിനാഘോഷവും ഭരണഭാഷാ വാരാഘോഷവും 2017 നവംബർ 1 മുതൽ ഒരു വർഷക്കാലം ഭരണഭാഷാ വർഷമായി ആഘോഷിക്കലും - ആഘോഷ പരിപാടികൾ സംഘടിപ്പിക്കുന്നതും സംബന്ധിച്ച്.

സൂചന:- 1)27/09/17 ലെ ഗവ.സർക്കുലർ നം.ഔ.ഭാ.4/28/17/ഉ.ഭ.പ.വ.
2)ഈ കാര്യാലയത്തിൽ നിന്നുള്ള 16/10/17ലെ പുറത്തെഴുത്ത് കത്ത് നമ്പർ എച്ച്3/72472/17/ഡി.പി.ഐ.

കേരളത്തിലെ ഭരണഭാഷ പൂർണമായും മലയാളമാക്കുക എന്ന പ്രഖ്യാപിത ലക്ഷ്യം കൈവരിക്കുന്നതിനു വേണ്ടി സർക്കാർ വിവിധ പരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കി വരികയാണ്. അതിന്റെ ഭാഗമായി 2017 നവംബർ 1 മലയാളദിനമായും നവംബർ 1 മുതൽ 7 വരെ ഭരണഭാഷാവാരമായും ആഘോഷിക്കുന്നതു സംബന്ധിച്ച മാർഗനിർദേശങ്ങൾ അടങ്ങിയ സൂചനയിലെ സർക്കുലർ അയച്ചത് ലഭിച്ചിരിക്കുമല്ലോ. ആഘോഷ പരിപാടികൾ എല്ലാ ഓഫീസുകളിലും സ്കൂളുകളിലും ഫലപ്രദമായി നടപ്പാക്കി വിവരങ്ങൾ റിപ്പോർട്ട് ചെയ്യാൻ മറക്കരുത്. നവംബർ 1-ാം തീയതി എല്ലാ ഓഫീസുകളിലും ഓഫീസ് തലവന്റെ അദ്ധ്യക്ഷതയിൽ ഭരണഭാഷാ സമ്മേളനം സംഘടിപ്പിക്കേണ്ടതും താഴെ ചേർത്തിട്ടുള്ള ഭരണഭാഷാ പ്രതിജ്ഞ ഉദ്യോഗസ്ഥർക്ക് ഓഫീസ് തലവൻ ചൊല്ലിക്കൊടുക്കേണ്ടതുമാണ്.

**“മലയാളം എന്റെ ഭാഷയാണ്. മലയാളത്തിന്റെ സമ്പത്തിൽ ഞാൻ അഭിമാനിക്കുന്നു. മലയാള ഭാഷയെയും കേരള സംസ്കാരത്തെയും ഞാൻ ആദരിക്കുന്നു. ഭരണനിർവഹണത്തിൽ മലയാളത്തിന്റെ ഉപയോഗം സാർവത്രികമാക്കുന്നതിന് എന്റെ കഴിവുകൾ ഞാൻ വിനിയോഗിക്കും”**

അതുപോലെ തന്നെ എല്ലാ സ്കൂളുകളിലും മലയാളദിനത്തിൽ ചേരുന്ന അസംബ്ലിയിൽ മലയാളം മാതൃഭാഷയായിട്ടുള്ള അധ്യാപകരും വിദ്യാർത്ഥികളും താഴെ ചേർത്തിട്ടുള്ള പ്രതിജ്ഞ എടുക്കേണ്ടതാണ്.

**“മലയാളം എന്റെ ഭാഷയാണ്. മലയാളത്തിന്റെ സമ്പത്തിൽ ഞാൻ അഭിമാനിക്കുന്നു. മലയാള ഭാഷയെയും കേരള സംസ്കാരത്തെയും ഞാൻ ആദരിക്കുന്നു. മലയാളത്തിന്റെ വളർച്ചയ്ക്കുവേണ്ടി എന്റെ കഴിവുകൾ ഞാൻ വിനിയോഗിക്കും”**

ഭരണഭാഷാ വാരാഘോഷക്കാലത്ത് ഓഫീസുകളിലും സ്കൂളുകളിലും ആഘോഷം സംബന്ധിച്ച ബാനറുകൾ പ്രദർശിപ്പിക്കേണ്ടതാണ്.

(...2...)

## ബാനറിന്റെ മാതൃക

| |
|---|
| "ഭരണഭാഷ - മാതൃഭാഷ"<br>മലയാളം - ശ്രേഷ്ഠഭാഷാദിനാഘോഷം - 2017 നവംബർ 1<br>ഭരണഭാഷാവാരാഘോഷം- 2017 നവംബർ 1 മുതൽ 7 വരെ |

| |
|---|
| "ഭരണഭാഷ - മാതൃഭാഷ"<br>ഭരണഭാഷാവർഷം<br>2017 നവംബർ 1 മുതൽ ഒക്ടോബർ 31, 2018 വരെ |

വാരാഘോഷക്കാലത്തും ഭരണഭാഷാവർഷാഘോഷക്കാലത്തും ഓഫീസുകളിൽ ഭാഷാപോഷണത്തിനും ഭരണഭാഷാ മാറ്റത്തിനും ഉതകുന്ന പ്രഭാഷണങ്ങൾ, ചർച്ചകൾ, സെമിനാറുകൾ, സമ്മേളനങ്ങൾ, സത്സേവനരേഖയും, ഭരണഭാഷാ സേവനപുരസ്കാരവും ഭരണഭാഷാ ഗ്രന്ഥരചനാ പുരസ്കാരവും ലഭിച്ചവർക്കുള്ള അനുമോദനം തുടങ്ങിയവ സംഘടിപ്പിക്കേണ്ടതാണ്. അതോടൊപ്പം വിവിധ വകുപ്പുകൾക്ക് യോജിച്ചതും ഭാഷാമാറ്റ പുരോഗതി കൈവരിക്കുന്നതിന് ഉതകുന്നതുമായ മറ്റു പരിപാടികളും നടപ്പിലാക്കാവുന്നതാണ്.

ഓഫീസുകളിൽ ഓരോ ദിവസവും ഭരണരംഗത്ത് ഉപയോഗിക്കുന്ന അഞ്ച് ഇംഗ്ലീഷ് പദങ്ങളും സമാന മലയാളപദങ്ങളും എഴുതി പ്രദർശിപ്പിക്കേണ്ടതാണ്.

മലയാളഭാഷാ ദിനാഘോഷവും ഭരണഭാഷാ വാരാഘോഷവും സംബന്ധിച്ച് ഓഫീസുകളിലും സ്കൂളുകളിലും സംഘടിപ്പിക്കുന്ന പരിപാടികളുടെ വിവരങ്ങൾ സമാഹരിച്ച് വിശദമായ ഒരു റിപ്പോർട്ട് തയ്യാറാക്കി എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും നവംബർ 20നു മുൻപ് പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് അയക്കേണ്ടതാണ്.

**കെ.വി.മോഹൻകുമാർ.ഐ.എ.എസ്.**
**പൊതു വിദ്യാഭ്യാസ ഡയറക്ടർ**

**സ്വീകർത്താവ്**

എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും
എല്ലാ ജില്ലാ/ഉപ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
സെക്രട്ടറി, പരീക്ഷാ ഭവൻ
ഡയറക്ടർ, എസ്.സി.ഇ.ആർ.ടി.
എല്ലാ ഡയറ്റ് പ്രിൻസിപ്പൽമാർക്കും
ഡയറക്ടർ, സീമാറ്റ്
സ്റ്റേറ്റ് പ്രൊജക്റ്റ് ഡയറക്ടർ, എസ്.എസ്.എ.
സ്റ്റേറ്റ് പ്രൊജക്റ്റ് ഡയറക്ടർ, ആർ.എം.എസ്.എ.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐടി @ സ്കൂൾ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)